# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2153 — 26/03/2013 ൽ മറുപടിയ്ക്ക്

### കാപ്പിതോടിനെ മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |
| (എ) ആലപ്പുഴയിലെ കാപ്പിതോടിലേയ്ക്ക് ചെമ്മീൻ ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങളും മലിനജലവും ഒഴുക്കി വിട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത മാലിന്യം നിറഞ്ഞ തോട്ടിൽ നിന്നുള്ള വിഷവായു ശ്വസിച്ച് വിദ്യാർത്ഥികൾക്കും പ്രദേശവാസികൾക്കും ദേഹാസ്വാസ്ഥ്യവും രോഗങ്ങളുമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് തടയുന്നതിനും തോടിനെ മാലിന്യമുക്തമാക്കി ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) കാപ്പിതോടിന് സമീപമുള്ള മത്സ്യ സംസ്കരണ യൂണിറ്റുകൾ, കച്ചവട സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്ന് ഒഴുകുന്ന മലിന ജലവും വണ്ടാനത്തുള്ള ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്ന് ഒഴുകുന്ന മലിന ജലവുമാണ് കാപ്പിത്തോടിന്റെ മലിനീകരണത്തിന്റെ പ്രധാന കാരണം. കാപ്പിത്തോടിലേക്ക് മാലിന്യം ഒഴുകുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥർ പരിശോധന നടത്തി ശേഖരിക്കുകയും ആയതിന്മേൽ റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. കാപ്പിത്തോടിന്റെ ശുദ്ധീകരണത്തിന്റെ ആദ്യഭാഗമായി പാഴ്ജലം തോട്ടിലേയ്ക്ക് ഒഴുക്കാതെ പൈപ്പ് ലൈൻ വഴി കടലിലേയ്ക്ക് ഒഴുക്കുന്നതിനായി പൈപ്പ് ഇടുന്ന പദ്ധതി നടപ്പാക്കാനായി ജില്ലാ പഞ്ചായത്തിന് 40 ലക്ഷം രൂപ ബോർഡ് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ഈ വിഷയം ചർച്ചചെയ്തു തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2154 - 26.03.2013-ലെ മറുപടിക്ക്**

## വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം

**ചോദ്യം**

**ശ്രീ. ഇ. പി.ജയരാജൻ**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) 2006-2007 സാമ്പത്തിക വർഷം മുതൽ 2012-2013 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഇന്ത്യാഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിനു കിട്ടിയ ധനസഹായം എത്രയെന്നു വ്യക്തമാക്കുമോ ; | 2006-2007 സാമ്പത്തിക വർഷം മുതൽ 2012-2013 സാമ്പത്തിക വർഷം വരെ ഓരോ വർഷവും കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിനു കിട്ടിയ ധനസഹായം താഴെ പട്ടികയായി ചേർക്കുന്നു; |
| (ബി) ഓരോ വർഷവും കേന്ദ്ര പദ്ധതികൾക്കായി ലഭിച്ച തുക എത്രയാണ് ; | |
| (സി) ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായമായി ലഭിച്ച തുക എത്രയാണ്; | |
| (ഡി) ഓരോ വർഷവും പദ്ധതിയേതര വിഹിതമായി ലഭിച്ച ധനസഹായം എത്രയാണ്? | |

**കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ധനസഹായം**

(തുക കോടിയിൽ)

| വർഷം | പദ്ധതിയേതര വിഹിതം | സംസ്ഥാന പദ്ധതികൾ | കേന്ദ്ര പദ്ധതികൾ | കേന്ദ്രാവിഷ്കൃത പദ്ധതികൾ | ആകെ |
|---|---|---|---|---|---|
| **2006-07** | 1092.42 | 630.78 | 19.64 | 352.35 | 2095.19 |
| **2007-08** | 748.65 | 977.67 | 36.56 | 413.71 | 2176.59 |
| **2008-09** | 588.54 | 1376.03 | 48.53 | 674.09 | 2687.19 |
| **2009-10** | 645.45 | 975.32 | 48.41 | 564.2 | 2233.38 |
| **2010-11** | 490.06 | 934.22 | 43.2 | 729.13 | 2196.61 |
| **2011-12** | 1433.38 | 904.34 | 73.89 | 1297.61 | 3709.22 |
| **2012-13 (31.01.2013 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം)** | **384.33** | **835.23** | **42.84** | **792.51** | **2054.91** |

**സെക്ഷൻ ഓഫീസർ**